## കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണവകുപ്പ് - കൊല്ലം പെർഫോമൻസ് ഓഡിറ്റ് ഓഫീസിലെ ഓഫീസ് അറ്റൻഡന്റ് ശ്രീ. സാജു ഉമ്മൻ ശൂന്യവേതനാവധി അനുവദിക്കുന്നതിന് മുൻപ് അവധി യിൽ പ്രവേശിച്ച കാലയളവും സസ്പെൻഷൻ കാലയളവും ക്രമീകരിച്ചുകൊണ്ടും, ശൂന്യവേതനാവധിയുടെ അനുഭവിക്കാത്ത ഭാഗം റദ്ദ്ചെയ്തുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

**സ.ഉ.(സാധാ)നം.1734/2013/ത.സ്വ.ഭ.വ** **തീയതി, തിരുവനന്തപുരം, 01.07.2013.**

---

പരാമർശം:- 1) ജി.ഒ (ആർ.റ്റി) 1537/2007/തസ്വഭവ തീയതി. 29/05/2007.
2) കൊല്ലം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 25/10/2008 ലെ ഡി1/3691/07 നമ്പർ ഉത്തരവ്.
3) കൊല്ലം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 10/08/2010 ലെ ഡി1/3691/07 നമ്പർ ഉത്തരവ്.
4) പഞ്ചായത്ത് ഡയറക്ടറുടെ 19/10/2010, 22/05/12 തീയതികളിലെ ഇ10-27711/2009 നമ്പർ കത്ത്.

**ഉത്തരവ്**

കൊല്ലം പെർഫോമൻസ് ഓഡിറ്റ് ഓഫീസിലെ ഓഫീസ് അറ്റൻഡന്റായിരുന്ന ശ്രീ. സാജു ഉമ്മന് വിദേശത്ത് ജോലി നോക്കുന്നതിനായി അഞ്ചുവർഷത്തേയ്ക്ക് ശൂന്യവേതനാവധി അനുവദിച്ച് പരാമർശം 1 പ്രകാരം ഉത്തരവായിരുന്നു. എന്നാൽ അവധി അനുവദിച്ച് ഉത്തരവാകുന്നതിന് മുൻപ് 05/03/2007 മുതൽ അനധികൃതമായി അവധിയിൽ പ്രവേശിച്ച ടിയാനെ പരാമർശം (2) പ്രകാരം കൊല്ലം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ സസ്പെൻഡ് ചെയ്യുകയുണ്ടായി. പരാമർശം (3) പ്രകാരം ടിയാന്റെ സസ്പെൻഷൻ കാലം അവസാനിപ്പിച്ചതിനാൽ 19/02/2010 ന് ശ്രീ. സാജു ഉമ്മൻ വീണ്ടും ജോലിയിൽ പ്രവേശിച്ചു. ടിയാന് അനുവദിച്ച ശൂന്യവേതനാവധിയിൽ 05/03/2007 മുതൽ 18/02/2010 വരെയുള്ള സസ്പെൻഷൻ കാലം ഒഴികെയുള്ള അനുഭവിക്കാത്ത ഭാഗം റദ്ദ് ചെയ്യണമെന്ന് ടിയാൻ ആവശ്യപ്പെടുകയും പരാമർശം (4) പ്രകാരം പഞ്ചായത്ത് ഡയറക്ടർ ടിയാന്റെ പ്രൊപ്പോസൽ ശുപാർശ ചെയ്ത് സർക്കാരിൽ സമർപ്പിക്കുകയും ചെയ്തു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കൊല്ലം പെർഫോമൻസ് ഓഡിറ്റ് ഓഫീസിലെ ഓഫീസ് അറ്റൻഡന്റായ ശ്രീ. സാജു ഉമ്മൻ ശൂന്യവേതനാവധി അനുവദിക്കുന്നതിന് മുൻപ് അവധിയിൽ പ്രവേശിച്ച 05/03/2007 മുതൽ 24/10/2008 വരെയും 25/10/2008 മുതൽ 04/02/2010 വരെയുമുള്ള കാലയളവുകൾ നോൺ ഡ്യൂട്ടിയായും 05/02/2010 മുതൽ 18/02/2010 വരെയുള്ള ഇടവേള കെ.എസ്.ആർ പാർട്ട് 1 ചട്ടം 56(ബി) (9) ന് താഴെയുള്ള കുറിപ്പ് 2 പ്രകാരം പ്രവേശനകാലമായോ അർഹതപ്പെട്ട അവധിയായോ ഇവ രണ്ടുമായോ ക്രമീകരിച്ചു നൽകുന്നതിന് കൊല്ലം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തിയും കൂടാതെ ടിയാന്റെ ശൂന്യവേതനാവധിയുടെ അനുഭവിക്കാത്ത ഭാഗമായ 19/12/2010 മുതൽ 28/05/2012 വരെയുള്ള കാലയളവ് റദ്ദ് ചെയ്തു കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

**സെൽവരാജൻ.എൽ**
**അണ്ടർ സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം (സേവനപുസ്തകം സഹിതം)
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം.
ശ്രീ. സാജു ഉമ്മൻ, ഓഫീസ് അറ്റൻഡന്റ്, പെർഫോമൻസ് ഓഡിറ്റ് യൂണിറ്റ്-1 ,കൊല്ലം
ധനകാര്യ(റൂൾസ്) വകുപ്പ് (14402/റൂൾസ്ബി-2/13/ധന തീയതി 16/03/2013 പ്രകാരം)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ

എക്സിക്യൂട്ടീവ് ഡയറക്ടർ (IKM) (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)